ഉത്തരം

(എ)-(ബി) കേസന്വേഷണം നടന്നു വരികയാണ്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

കുഞ്ഞിക്കണ്ണന്റെ ശവസംസ്ക്കാര വിലാപയാത്രയ്ക്ക് നേരെ നടന്ന ബോംബേറ്

49 (760) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ 1999 ഡിസംബർ ആദ്യം കൊലചെയ്യപ്പെട്ട കുഞ്ഞിക്കണ്ണന്റെ ശവസംസ്ക്കാര വിലാപയാത്രയിൽ പങ്കെടുത്തവർക്കെതിരെ ഉണ്ടായ ബോംബേറിൽ എത്രപേർക്ക് പരിക്കുപറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബോംബ് എറിഞ്ഞവരെ പിടികൂടി ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(സി) ഈ ബോംബേറുമായി ബന്ധപ്പെട്ട് ഇതിനകം എത്ര പേരെ അറസ്റ്റുചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഇനി എത്രപേരെ അറസ്റ്റു ചെയ്യാനുണ്ടെന്നും ഊർജ്ജിത നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) കണ്ടാലറിയാവുന്ന രണ്ടുപേർ ഉൾപ്പെടെ 13 പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു അന്വേഷിച്ചുവരുന്നു. കൂടാതെ ഇന്റലിജൻസ് ഡി. ഐ.ജി.യുടെ നേതൃത്വത്തിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു പ്രത്യേക സംഘത്തെ സംഘർഷ ബാധിത പ്രദേശങ്ങളിൽ തിരച്ചിൽ നടത്തുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനുമായി നിയോഗിച്ചിട്ടുണ്ട്.

(സി) ആരേയും അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) കണ്ടാലറിയാവുന്ന രണ്ടുപേരുൾപ്പെടെ 13 പ്രതികളേയും അറസ്റ്റു ചെയ്യുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

ജയകുമാറിനെ മർദ്ദിച്ച സംഭവം

50 (761) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26.10.99-ൽ പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ ജയകുമാർ എന്ന ഒരാളെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയോ;

(സി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly